# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 3710

23.08.2017 ൽ മറുപടിക്ക്

### ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈനിന് ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ഡി. സതീശൻ. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ പ്രകൃതിവാതക പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ ഭൂമി നഷ്ടപ്പെട്ടുന്നവർക്ക് നേരത്തെ നിശ്ചയിച്ചിരുന്നതിനേക്കാൾ 25 ശതമാനം അധികം നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ)<br>&<br>(ബി) | കൊച്ചി - കൂറ്റനാട് - ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിക്കുവേണ്ടി ഭൂമിയുടെ ഉപയോഗാവകാശം മാത്രമാണ് ഏറ്റെടുക്കുന്നത്. 1962 ലെ P & MP Act അനുസരിച്ച് ഉപയോഗാവകാശം (RoU) മാർക്കറ്റ് വിലയുടെ 10% ആണ് നഷ്ടപരിഹാരമായി ഭൂവുടമക്ക് നൽകേണ്ടത്. എന്നാൽ ഇത് താരതമ്യേന തുച്ഛമായതിനാൽ ന്യായവിലയുടെ 50% നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ജി. ഒ (എം. എസ്) നം. 45/2017/ആർ ഡി തീയ്യതി. 06.02.2017 പ്രകാരമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. |
| (ബി) | ഏറ്റെടുക്കുന്ന ഭൂമിക്ക് ഏത് വർഷത്തെ ന്യായവില അടിസ്ഥാനമാക്കിയാണ് നഷ്ടപരിഹാരം നൽകുന്നത്; നിലവിൽ നഷ്ടപരിഹാരം ലഭിച്ചവർക്ക് മുൻകാല പ്രാബല്യത്തോടെ നിരക്ക് പുതുക്കി നൽകുമോ; | | |
| (സി) | ഏറ്റെടുക്കുന്ന സ്ഥലത്തുള്ള കാർഷിക വിളകൾക്ക് നഷ്ടപരിഹാരം ഏത് നിരക്കിലാണ് നൽകുന്നത് എന്നറിയിക്കാമോ? | (സി) | P & MP Act & Rule 4 പ്രകാരം കോമ്പീറ്റന്റ് അതോറിറ്റി കാർഷികവിള ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിലവിവരപ്പട്ടിക സ്വീകരിച്ച് നിരക്ക് നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന നഷ്ടപരിഹാരമാണ് കർഷകർക്ക് നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ